## വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം

2025 -26 അധ്യയനവർഷത്തിലെ വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം ജൂലൈ 3 ന് നടന്നു. എഴുത്തുകാരൻ, ചിത്രകാരൻ, പ്രഭാഷകൻ എന്നീ നിലകളിൽ പ്രശസ്തി നേടിയ ഡോ. സോമൻ കടലൂരാണ് ഉദ്ഘാടനം നിർവഹിച്ചത്. സ്കൂൾ ഹെഡ്മാസ്റ്റർ യു.പി. മുഹമ്മദലി മാസ്റ്റർ അധ്യക്ഷനായ ചടങ്ങിന് വിദ്യാരംഗം സ്കൂൾ കോർഡിനേറ്ററായ ഡോ. ഐശ്വര്യ വി. ഗോപാൽ സ്വാഗതം പറഞ്ഞു. മലയാള വിഭാഗം അധ്യക്ഷൻ ബന്ന മാസ്റ്റർ, സ്റ്റാഫ് സെക്രട്ടറി മഹ്റൂഫ് മാസ്റ്റർ, ജമാൽ മാസ്റ്റർ, വിദ്യാർഥി പ്രതിനിധി ജുന ഫാത്തിമ എന്നിവർ ചടങ്ങിൽ ആശംസകൾ നേർന്ന് സംസാരിച്ചു. വിദ്യാരംഗം സംഘടിപ്പിച്ച സ്കൂൾ - ഉപജില്ലാതലങ്ങളിലെ വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനദാനവും പ്രസ്തുത ചടങ്ങിൽ വെച്ച് നടന്നു. ഉദ്ഘാടകനായ ഡോ. സോമൻ കടലൂരിനെ ഹെഡ്മാസ്റ്റർ പൊന്നാടയണിയിച്ച് ആദരിച്ചു. ഔപചാരികമായ ഉദ്ഘാടന ചടങ്ങിന് മലയാളവിഭാഗം അധ്യാപകനായ ഡോ. പ്രമോദ് സമീർ നന്ദി രേഖപ്പെടുത്തി.



## എന്റെ വായന കയ്യെഴുത്ത് പതിപ്പ്

ചേന്ദമംഗല്ലൂർ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യവേദി 'എന്റെ വായന' കയ്യെഴുത്ത് പതിപ്പ് മത്സരം സംഘടിപ്പിച്ചു. വിദ്യാർഥികൾ തയ്യാറാക്കിയ വായനക്കുറിപ്പുകളാണ് ഓരോ ക്ലാസും പതിപ്പാക്കി മാറ്റിയത്. വ്യത്യസ്തങ്ങളായ 24 പതിപ്പുകൾ വിദ്യാരംഗം ക്ലാസ് കൺവീനർമാരുടെ നേതൃത്വത്തിൽ ക്ലാസ് തലത്തിൽ പ്രകാശനം ചെയ്തു.



## കഥകളിലൂടെയുള്ള ശാസ്ത്രം

ചേന്ദമംഗല്ലൂർ ഹയർ സെക്കന്ററി സ്കൂൾ സയൻസ് ക്ലബ് ട്രൈനറും മോട്ടിവേറ്ററുമായ ഷൈവിൻ രാജ് ഉദ്ഘാടനം ചെയ്തു. കഥകളിലൂടെയുള്ള ശാസ്ത്രം എന്ന വിഷയത്തിൽ നടന്ന ക്ലാസ് കുട്ടികൾക്ക് വളരെ ഹൃദ്യമായി അനുഭവപ്പെട്ടു സയൻസ് ക്ലബ് കൺവീനർ മുനവ്വർ സർ സ്വാഗതവും ഹെഡ്മാസ്റ്റർ യു പി മുഹമ്മദാലി സർ അധ്യക്ഷത വഹിച്ചു അധ്യാപകരായ ജലീൽ സർ മഹ്റൂഫ് സർ ബഷീർ സർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു



## പരിസ്ഥിതി സൗഹൃദ പേപ്പർ ബാഗ്

ചേന്ദമംഗല്ലൂർ എച്ച്എസ്എസിലെ എൻസിസി യൂണിറ്റ് 2025 ജൂലൈ 12 ന് പേപ്പർ ബാഗ് നിർമ്മാണ വർക്ക്ഷോപ്പ് നടത്തി പേപ്പർ ബാഗ് ദിനം ആഘോഷിച്ചു. W E പരിശീലകയായ റിസോഴ്സ് പേഴ്സൺ ആര്യ എസ് ചൈതന്യയുടെ ആഭിമുഖ്യത്തിൽ 44 ഒന്നാം വർഷ കാഡറ്റുകൾക്കാണ് വർക്ക്ഷോപ്പ് നടത്തിയത് രണ്ടാം വർഷ കാഡറ്റുകളും പങ്കെടുത്തു . CTO സന സുലൈഖ എം തന്റെ സ്വാഗത പ്രസംഗത്തിൽ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനും പരിസ്ഥിതി സൗഹൃദ പേപ്പർ ഉൽപ്പന്നങ്ങൾ സ്വീകരിക്കുന്നതിനും ഊന്നൽ നൽകി. പരിസ്ഥിതി സൗഹൃദ വസ്തുക്കൾ പുനരുപയോഗം ചെയ്യുന്നതിലൂടെയും പുനരുപയോഗത്തിലൂടെയും ഉപയോഗിക്കുന്നതിലൂടെയും പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ആര്യ എസ് ചൈതന്യ എടുത്തുപറഞ്ഞു. പേപ്പർ ബാഗുകളുടെ പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ട് സീനിയർ ആരവ് വിജീന്ദ്രൻ നന്ദി പറഞ്ഞു. സുസ്ഥിര ബദലുകൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്ലാസ്റ്റിക് ബാഗുകളുടെ പാരിസ്ഥിതിക ആഘാതത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനുമായി വർഷം തോറും ജൂലൈ 12 ന് ആചരിക്കുന്ന ലോക പേപ്പർ ബാഗ് ദിനത്തിന്റെ ആഗോള സംരംഭവുമായി യോജിച്ച്, സുസ്ഥിര രതികൾ സ്വീകരിക്കാൻ ഈ പരിപാടി കാഡറ്റുകളെ വിജയകരമായി പ്രോത്സാഹിപ്പിച്ചു.



## രക്ഷിതാക്കളുടെ സാഹിത്യക്വിസ് മത്സരം

ചേന്ദമംഗല്ലൂർ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാരംഗം കലാസാഹിത്യവേദി സംഘടിപ്പിച്ച രക്ഷിതാക്കൾക്കുള്ള സാഹിത്യക്വിസ് മത്സരത്തിൽ ശ്രീമതി ആയിഷ ജസ്ല പി.കെ. ഒന്നാം സ്ഥാനം നേടി. ശ്രീമതി അഖില ടി. , ശ്രീമതി അഷിത എം. എന്നിവർ യഥാക്രമം രണ്ടും മൂന്നും സ്ഥാനത്തെത്തി.



## കളർ വിമാനം കഥാ രചനാമത്സരം

മുക്കം ഉപജില്ല വിദ്യാരംഗം കലാസാഹിത്യവേദി കളർ വിമാനം കഥാ രചനാമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ ഖദീജ ഹനിയ വി.എച്ച്. (9A) ശ്രീ. രമേശ് കാവിലിൽ നിന്ന് ഉപഹാരം സ്വീകരിക്കുന്നു.



## ജൂലൈ മാസത്തിലൂടെ.............





















# ചേന്ദമംഗല്ലൂർ എച്ച് എസ് എസ് ഫോട്ടോഗാലറി



എ പ്ലസ് വിജയികൾക്കുള്ള അനുമോദനം



വിദ്യാരംഗം കലാസാഹിത്യ വേദിയുടെ സാംസ്കാരിക യാത്ര



സ്കൂൾ പാർലമെന്ററി ഇലക്ഷൻ ലിറ്റിൽ കൈറ്റിലൂടെ



സി എം ആർ ടൈംസ് പ്രകാശനം



വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉത്ഘാടനം



എന്റേ വായന കയ്യെഴുത്ത് പതിപ്പിന്റെ ക്ലാസ് തല പ്രകാശനം



എൻ എം എം എസ് ക്ലാസ്

പേപ്പർ ബാഗ് നിർമ്മാണം